സി1/13866/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 24-11-2015

## സർക്കുലർ നം. 27/2015

**വിഷയം: മോട്ടോർ വാഹന വകുപ്പ്-പോലീസ് വകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധന സംഘടിപ്പിക്കുന്നത് സംബന്ധിച്ച്**

**സൂചന: കൊണ്ടോട്ടി, പൊന്നാനി എന്നിവിടങ്ങളിലുണ്ടായ അപകടമരണങ്ങളുടെ പശ്ചാത്തലത്തിൽ**

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വാഹനാപകടങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്നു എന്നുള്ളത് വളരെയധികം ഖേദകരമായ വസ്തുതയാണ്. അപകടനിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, പോലീസ് വകുപ്പുമായി സഹകരിച്ച് രാത്രികാലങ്ങളിൽ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

കൂടാതെ സ്റ്റേജ് കാര്യേജുകൾ, കോൺട്രാക്റ്റ് കാര്യേജുകൾ, ചരക്കു വാഹനങ്ങൾ എന്നീ ദീർഘദൂര സർവ്വീസ് നടത്തുന്ന വാഹനങ്ങൾ അധിക ഡ്രൈവർമാർ ഇല്ലാതെ ഒരൊറ്റ ഡ്രൈവറെ മാത്രം ഉപയോഗിച്ചു കൊണ്ട് സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരത്തിൽ സർവീസ് നടത്തുമ്പോൾ അമിതജോലിഭാരത്താൽ ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത്തരത്തിൽ വാഹനം ഓടിക്കുന്നത് അപകടം ക്ഷണിച്ചു വരുത്തും എന്നുള്ള കാര്യം അവിതർക്കിതമാണ്. ആയതിനാൽ രാത്രികാല പരിശോധന നടത്തുമ്പോൾ ദീർഘദൂര സർവീസ് നടത്തുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളിൽ അധിക ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ എന്നും, ഡ്രൈവർമാർ 1988ലെ മോട്ടോർ വാഹന നിയമത്തിലെ 91-)ം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള ജോലി സമയം കർശനമായി പാലിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. മേൽ പറഞ്ഞ രീതിയിലല്ലാത്ത വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞത് ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും അടുത്ത രണ്ടു മാസത്തേക്ക് രാത്രികാല ചെക്കിംഗ് സംഘടിപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള പരിശോധനകളുടെ വിശദ വിവരങ്ങൾ **Monthly Conference** സമയത്ത് സമർപ്പിക്കേണ്ടതാണ്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് കൂടി ഓർമ്മിപ്പിച്ചു കൊള്ളുന്നു.

ഒപ്പ്
ടോമിൻ.ജെ.തച്ചങ്കരി, ഐപിഎസ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും